**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.. **67**

**27 -06- 2011-ൽ**
മറുപടി നൽകേണ്ടിയിരുന്നത്.

## മണി ചെയിൻ തട്ടിപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.കെ. ലതിക | | ശ്രീ. ഉമ്മൻ ചാണ്ടി<br>( മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര മണി ചെയിൻ തട്ടിപ്പു കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ ; | (എ) | 193 നെറ്റ്‌വർക്ക് മാർക്കറ്റിംഗ്, മണിചെയിൻ തട്ടിപ്പ് കേസുകൾ സംസ്ഥാനത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസുകളിലെ കുറ്റകൃത്യം നടന്നിട്ടുള്ളതായി കാണുന്നത് മുൻ കാലഘട്ടങ്ങളിലാണ്. (ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്) |
| (ബി) | പ്രസ്തുത കേസുകളിലെ പ്രതികൾ ആരൊക്കെയാണെന്നും അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ; | ( ബി) | ഓരോ ജില്ലയിൽ നിന്നും നിലവിൽ ലഭ്യമായ പ്രതികളുടെ വിവരം അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.<br><br>തട്ടിപ്പുകളിലൂടെ പ്രതികൾ സമ്പാദിച്ച വസ്തുവകകൾ ക്രയവിക്രയം നടത്താതിരിക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട സബ് രജിസ്റ്റാർക്കും, വില്ലേജ് ഓഫീസർമാർക്കും ജില്ലാ പോലീസ് മേധാവികളിൽ നിന്നും നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്. ഇവരുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിനായി ബന്ധപ്പെട്ട ബാങ്കുകളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രതികളുടെ |

പാസ്പോർട്ടിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്ന മുറയ്ക്ക് പാസ്പോർട്ട് ഓഫീസർക്ക് വിശദ വിവരങ്ങൾ കൈമാറുന്നതിനും എമിഗ്രേഷൻ വിംഗിന് പ്രതികളുടെ വിവരങ്ങൾ നൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (സി) | പെരുകി വരുന്ന മണി ചെയിൻ തട്ടിപ്പുകൾ ഇല്ലായ്മ ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (സി) | മണി ചെയിൻ തട്ടിപ്പ് സംബന്ധമായി സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്ന എല്ലാ കേസുകളും സി.ബി.സി.ഐ.ഡി (Economic Offence Wing ) യ്ക്ക് കൈമാറുവാനും അന്വേഷണത്തിന്റെ മുഴുവൻ നിരീക്ഷണ ചുമതലയും അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംസ്) - നെ ഏൽപിച്ച് ദ്രുതഗതിയിൽ അന്വേഷണം പൂർത്തിയാക്കാനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ ബാങ്ക് അക്കൗണ്ടുകളിലൂടെ ഇത്തരം തട്ടിപ്പ് നടത്തിയ കമ്പനികളുടെ ബാങ്ക് ഇടപാടുകൾ മരവിപ്പിക്കുവാനും ഇത് റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തട്ടിപ്പുകൾക്കായി കമ്പനികൾ ഉപയോഗിച്ചിരുന്ന വെബ് സൈറ്റുകൾ, സെർവറുകൾ , കമ്പ്യൂട്ടറുകൾ, എസ്.എം.എസുകളുടെ ഉറവിടങ്ങൾ എന്നിവ കണ്ടെത്തുവാനായി പോലീസ് ആസ്ഥാനത്തെ ഹൈ-ടെക് സെല്ലും , ജില്ലകളിലെ സൈബർ സെല്ലുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പത്ര- ദൃശ്യ മാധ്യമങ്ങളിലൂടെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി നടപടികൾ എടുത്തിട്ടുണ്ട്. കൂടാതെ ഇത്തരം തട്ടിപ്പുകൾ |

എല്ലാ ജില്ലാ പോലീസ് മേധാവിക ൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | മണി ചെയിൻ തട്ടിപ്പിനിരയായി പണം നഷ്ടപ്പെട്ടവർക്ക് ഏതെങ്കിലും വിധ ത്തിലുള്ള നഷ്ട പരിഹാരം നൽകുന്ന തിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ഡി) | പരിഗണനയിലില്ല. |

Maybel

സെക്ഷൻ ഓഫീസർ.